## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6366

08.07.2014-ൽ മറുപടിക്ക്.

### കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;<br><br>(ബി) റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഭൂമി ഭൂരഹിത കേരളം പദ്ധതിക്കായി നൽകയിട്ടുള്ളതിനാൽ 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കുട്ടനാട്ടിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എയും, ബിയും) കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് 14 ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന പ്രകാരം, ആലപ്പുഴ ജില്ലയിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മങ്കൊമ്പ് പരിഗണിക്കപ്പെട്ടു. എന്നാൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ആയത് ഒഴിവാക്കുകയാണുണ്ടായത്. |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള 30 സെന്റ് കരഭൂമി വിട്ടു നൽകുകയാണെങ്കിൽ കുട്ടനാട്ടിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (സി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 40 സെന്റ് മുതൽ 1 ഏക്കർ വരെ സ്ഥലം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ